PA
[signature] 1/3/08

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - എല്ലാ ഗ്രാമ പഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റികളിലേയും കോർപറേഷനുകളിലേയും കെട്ടിട നികുതി കുടിശ്ശിക, പിഴപ്പലിശ ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി പിരിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

PA Soft copy to IKM for placing in LSGD web site. [signature] 1/3/08

==========================================================

തദ്ദേശ സ്വയം ഭരണ (ആർ.സി.) വകുപ്പ്

സ.ഉ(എം.എസ്)നം. 53/2008/തസ്വഭവ. തിരുവനന്തപുരം, തീയതി, 01.03.2008.

==========================================================

പരാമർശം : 1. സ.ഉ (എം.എസ്) 288/07/തസ്വഭവ തീയതി 21.12.2007.

2. സ.ഉ (എം.എസ്) 32/2008/ തസ്വഭവ തീയതി 31.01.2008

3. പഞ്ചായത്ത് ഡയറക്ടറുടെ 27.02.2008-ലെ സി3-15585/2007 നമ്പർ കത്ത്.

<u>ഉത്തരവ്</u>

സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും (പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപറേഷൻ ഉൾപ്പെടെ) 2007-2008 ഒന്നാം അർദ്ധ വർഷം കുടിശ്ശികയുള്ള കെട്ടിട നികുതി ( വസ്തു നികുതി), കേരള പഞ്ചായത്ത് രാജ് നിയമം 207(2), കേരള മുൻസിപ്പാലിറ്റി നിയമം 281(2) എന്നീ വകുപ്പുകളിലെ അധികാരം ഉപയോഗിച്ച് പിഴപ്പലിശ ഒഴിവാക്കി ഒറ്റത്തവണയായി ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ 31.01.2008-ന് മുൻപ് അടവാക്കുന്നതിന് പരാമർശം ഒന്നുപ്രകാരവും ടി സമയപരിധി 29.02.2008-വരെ ദീർഘിപ്പിച്ചുകൊണ്ട് പരാമർശം (2) പ്രകാരവും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇനിയും കുടിശ്ശിക ഇനത്തിൽ വലിയൊരു തുക അവശേഷിക്കുന്നതിനാലും വസ്തു നികുതി പരിഷ്കരിക്കുന്നതോടനുബന്ധിച്ച് മുഴുവൻ കുടിശ്ശിക നികുതിയും പിരിച്ചെടുക്കേണ്ടതിനാലും ഈ സമയപരിധി ദീർഘിപ്പിക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ ശുപാർശ ചെയ്യുകയുണ്ടായി. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നികുതി കുടിശ്ശിക, പിഴ

പ്പലിശ ഒഴിവാക്കി ഒറ്റത്തവണയായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ അടവാക്കുന്ന തിനുള്ള സമയം 31.03.2008-വരെ ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ബി. മോഹനൻ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, (എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെയും അറിയിക്കുന്നതിലേ ക്കായി).

നഗരകാര്യ ഡയറക്ടർ, (എല്ലാ മുൻസിപ്പാലിറ്റി / കോർപ്പറേഷൻ സെക്രട്ടറിമാരെയും അറി യിക്കുന്നതിലേയ്ക്കായി).

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.

ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പ് ( ആവശ്യമായ പ്രചാരണത്തിന്).

തദ്ദേശ സ്വയം ഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.

ഫയൽ, കരുതൽ ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ് :- തദ്ദേശ സ്വയം ഭരണ മന്ത്രിയുടെ പി.എസിന്.
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.
സെക്രട്ടറിയുടെ പി.എയ്ക്ക്.